(സി) ഇല്ല. ബന്ധപ്പെട്ട വിഷയത്തിൽ ബിരുദാനന്തര ഡിഗ്രിയുള്ള ആളാണ്. പ്രസ്തുത വിഷയത്തിൽ യോഗ്യത ഉള്ളവർ ഇല്ലാത്തതിനാൽ ബന്ധപ്പെട്ട വിഷയത്തിൽ പോസ്റ്റ് ഗ്രാഡ്വേഷൻ ഉള്ളവർക്ക് നിയമനം കൊടുക്കാം എന്ന് കേരള സർവ്വകലാശാല തീരുമാനിച്ചിട്ടുണ്ട്.

(ഡി, ഇ) ചോദ്യം ഉദിക്കുന്നില്ല.

ആയുർവ്വേദത്തിനു മാത്രമായി ഒരു മെഡിക്കൽ ഡയറക്ടറേറ്റ്

481 [875] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ആയുർവ്വേദത്തിനു മാത്രമായി ഒരു മെഡിക്കൽ ഡയറക്ടറേറ്റ് രൂപീകരിക്കുവാൻ ഗവൺമെന്റ് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

ആയുർവ്വേദത്തിനു മാത്രമായി ഒരു മെഡിക്കൽ ഡയറക്ടറേറ്റ് രൂപീകരിക്കേണ്ട ആവശ്യമില്ല.

ആയുർവ്വേദ കോളേജിലെ പി.ജി. സെന്ററിൽ പോസ്റ്റ് ഗ്രാഡ്വേഷൻ നടപ്പിലാക്കിയിട്ടുള്ള വിഷയങ്ങൾ

482 [876] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ആയുർവ്വേദ കോളേജിലെ പി.ജി. സെന്ററിൽ ഏതെല്ലാം വിഷയങ്ങളിലാണ് പോസ്റ്റ് ഗ്രാഡ്വേഷൻ നടപ്പിലാക്കിയിട്ടുള്ളത്;

(ബി) സി.സി.ഐ.എം. (സെൻട്രൽ കൗൺസിൽ ഓഫ് ഇൻഡ്യൻ മെഡിസിൻസ്) സിലബസ് അനുസരിച്ച് നിർദ്ദിഷ്ട യോഗ്യതയുള്ളവരാണോ എം.ഡി. കോഴ്സിന് വിദ്യാർത്ഥികളെ ഗൈഡ് ചെയ്യുന്നത്?

ഉത്തരം

(എ) തിരുവനന്തപുരം ആയുർവ്വേദ പോസ്റ്റ് ഗ്രാഡ്വേഷൻ സെന്ററിൽ കായ ചികിൽസ, ശല്യശാലാക്യ, ദ്രവ്യഗുണം, പ്രൈപ്പേജ്യ കല്പന രസശാസ്ത്രം എന്നീ വിഷയങ്ങളിലാണ് പോസ്റ്റ് ഗ്രാഡ്വേഷൻ നടപ്പിലാക്കിയിട്ടുള്ളത്.

(ബി) നിർദ്ദിഷ്ട യോഗ്യതകളൊന്നും കൗൺസിൽ നിർദ്ദേശിച്ചിട്ടില്ല.

പത്തനംതിട്ട ജില്ലാ ആയുർവ്വേദ ആഫീസ്

483 [877] ശ്രീ. വി.എസ്. ചന്ദ്രശേഖരൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ ആയുർവ്വേദ ആഫീസിന്റെ പ്രവർത്തനം പത്തനംതിട്ട ജില്ലയിൽ ആരംഭിച്ചുവോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ലെങ്കിൽ എന്ന് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) ജില്ലയിൽ എല്ലാ താലൂക്കുകളിലും ഇന്ന് ആയുർവ്വേദ ആശുപത്രികളും പ്രവർത്തിക്കുന്നുണ്ടോ;

(ഡി) ഇല്ലെങ്കിൽ എല്ലാ താലൂക്കുകളിലും താലൂക്ക് ആശുപത്രികളും ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) മറ്റ് ആശുപത്രി ജീവനക്കാരെപ്പോലെ തന്നെ പണിയെടുക്കുന്ന ആയുർവ്വേദാശുപത്രികളിലെ ജീവനക്കാർക്കും തുല്യമായ വേതനവും മറ്റാനുകൂല്യങ്ങളും ലഭിക്കണമെന്ന ആവശ്യം അംഗീകരിച്ച് നടപ്പാക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇക്കാര്യം പരിഗണിച്ചു വരുന്നു.

(സി) ഇല്ല.

(ഡി) സാമ്പത്തിക ലഭ്യതയനുസരിച്ച് മാത്രമേ ഇക്കാര്യം പരിഗണിക്കാൻ സാധിക്കുകയുള്ളൂ.

(ഇ) ഈ കാര്യം വിശദമായ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുണ്ട്.

പീരുമേട് താലൂക്കിൽ ഒരു ആയുർവ്വേദ ആശുപത്രി

484 [878] ശ്രീ. കെ.കെ. തോമസ്: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പീരുമേട് താലൂക്കിൽ പട്ടുമുടി ഹരിജൻ കോളനിക്ക് സമീപം ഒരു ആയുർവ്വേദാശുപത്രി സ്ഥാപിക്കുന്നതിന് അനുമതി നൽകുമോ?

ഉത്തരം

ധനലഭ്യതയനുസരിച്ച് ഇക്കാര്യം പരിഗണിക്കുന്നതാണ്.

അലനല്ലൂരിലെ ആയുർവ്വേദ ഡിസ്പെൻസറി

485 [879] ശ്രീ. പി. കുമാരൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മണ്ണാർക്കാട് താലൂക്കിലുള്ള അലനല്ലൂരിൽ പ്രവർത്തിക്കുന്ന ആയുർവ്വേദ ഡിസ്പെൻസറി 10 കിടക്കകളുള്ള ഒരു ആയുർവ്വേദ ആശുപത്രിയായി ഉയർത്താൻ ആവശ്യമായ നടപടികളും സ്വീകരിക്കുമോ?

ഉത്തരം

ധനലഭ്യതയനുസരിച്ച് ഇക്കാര്യം പരിഗണിക്കാം.

LIBRARY ARCHIVES Kerala Legislative Assembly